പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*437

16-05-2017-ലെ മറുപടിയ്ക്ക്

## കാർഷികമേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ഡി.കെ. മുരളി**<br>**ശ്രീ.രാജു എബ്രഹാം**<br>**ശ്രീ.കെ. ബാബു**<br>**ശ്രീ.കാരാട്ട് റസാഖ്** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** വിവിധ കാരണങ്ങളാൽ തകർച്ച നേരിടുന്ന കാർഷികമേഖലയ്ക്ക് ഉണർവ് നൽകാനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ എന്തെല്ലാമാണ്; | **(എ)** കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പ്രധാന വിളകളുടെ ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കൽ. കൃഷിവ്യാപനം, ജൈവകൃഷി, കർഷക തൊഴിലാളി ക്ഷാമത്തിന് പരിഹാരം, യന്ത്രവത്ക്കരണം, ഉല്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ്, കർഷകക്ഷേമം എന്നിവ ലക്ഷ്യം വച്ച് വിവിധ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഓരോ വിളയ്ക്കും അനുയോജ്യമായ പ്രത്യേക കാർഷിക മേഖലകൾ കണ്ടെത്തി അവിടെ വിത്തു മുതൽ വിപണി വരെയുള്ള എല്ലാ സൗകര്യങ്ങളും സജ്ജമാക്കി പ്രസ്തുത വിള ശാസ്ത്രീയമായി കൃഷി ചെയ്ത് പരമാവധി ഉല്പാദനം കൈവരിക്കുവാനും മെച്ചപ്പെട്ട വിപണന സംവിധാനം നടപ്പിലാക്കി കർഷകർക്ക് പരമാവധി വില നേടിക്കൊടുക്കുവാനും ലക്ഷ്യമിടുന്നു. പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) നെൽകൃഷി വികസന പദ്ധതി<br>2) പച്ചക്കറി കൃഷി വികസന പദ്ധതി<br>3) നാളികേര വികസന പദ്ധതി<br>4) വിള ആരോഗ്യ പരിപാലന പദ്ധതി<br>5) ഹൈ-ടെക് കൃഷി പദ്ധതി<br>6) ജൈവകൃഷി വികസന പദ്ധതി<br>7) വയനാട് പാക്കേജ് പദ്ധതി<br>8) അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ<br>9) കാർഷിക വിജ്ഞാന വ്യാപന പദ്ധതി<br>10) കാർഷിക വിപണികളുടെ വികസനം. വിപണിയിലിടപെടൽ, മൂല്യവർദ്ധനവ്<br>11) പുനരാവിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി<br>12) പ്രത്യേക കാർഷിക മേഖല സ്ഥാപിക്കൽ |

| | |
|---|---|
| **(ബി)** കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച നേരിടാനായി ഏതു വിധത്തിലുള്ള ഇടപെടലുകൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | **(ബി)** കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ലിന് ന്യായമായ വില ഉറപ്പാക്കുന്നതിന് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ നെല്ല് സംഭരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമാണ് സംസ്ഥാനത്ത് നെല്ല് സംഭരണം നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില (കിലോയ്ക്ക് 14.70 രൂപ) കേരളത്തിലെ ഉല്പാദനച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവായതിനാൽ സംസ്ഥാന സർക്കാർ ഉയർന്ന വിലയ്ക്കാണ് നെല്ല് സംഭരിയ്ക്കുന്നത്. ഭക്ഷ്യ പൊതു വിതരണ വകുപ്പിന്റെ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണ വില കിലോയ്ക്ക് 22.50 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. സംഭരിച്ച നെല്ലിന്റെ വില സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും കർഷകർക്ക് നേരിട്ട് നൽകി വരുന്നു.<br><br>നാളികേരത്തിന് ന്യായവില ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ കേരഫെഡിന്റെ സഹകരണത്തോടെ കൃഷി ഭവനുകൾ മുഖേന കർഷകരിൽ നിന്നും നേരിട്ട് പച്ചനാളികേരം സംഭരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഒരു കിലോ നാളികേരത്തിന് 25/- രൂപ നിരക്കിലാണ് സംഭരണം നടത്തിയിരുന്നത്. പച്ചത്തേങ്ങ സംഭരണത്തിനും കൊപ്രയാക്കി മാറ്റുന്നതിനും സൗകര്യങ്ങളുള്ള സഹകരണ സംഘങ്ങളെയും കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികളെയും പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>റബ്ബറിന് വില സ്ഥിരത ഉറപ്പാക്കുന്നതിന് "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി" നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും (കിലോയ്ക്ക് 150/- രൂപ) റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകുന്നു. പദ്ധതിവഴി 748.55 കോടി രൂപ 334270 കർഷകർക്കായി 2809775 ബില്ലുകളിലായി സബ്സിഡിയായി ഇതുവരെ നൽകിയിട്ടുണ്ട്.<br><br>സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള ആറ് മൊത്ത വ്യാപാര വിപണികളിലും കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ ജില്ലാ സംഭരണ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറിയുല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് |

ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് ടി വിപണികളിൽ എത്തിച്ച് നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിലൂടെ ന്യായവില ലഭിക്കുന്നതിന് അവസരമുണ്ടാക്കുന്നു. ഉല്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകി വരുന്നു. ലേലത്തിനു മുന്നോടിയായി ഉല്പന്നങ്ങൾ തരംതിരിച്ച് ഗ്രേഡ് ചെയ്യുകയും അടിസ്ഥാന വില നിശ്ചയിക്കുകയും ചെയ്യുന്നതു മുഖേന ന്യായവില ഉറപ്പാക്കുന്നു.

ഉത്സവ സീസണുകളിലും അല്ലാത്ത ദിവസങ്ങളിലും ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി സംഭരിക്കുകയും ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പനശാലകൾ വഴി വില്പന നടത്തുകയും ചെയ്തുവരുന്നു.

കർഷകരിൽ നിന്നുള്ള പച്ചക്കറി ഉല്പന്നങ്ങൾ വി.എഫ്.പി.സി.കെ-യുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്ന സ്വാശ്രയ കർഷക സമിതികളിൽ എത്തിച്ച് കച്ചവടക്കാരുടെ സാന്നിദ്ധ്യത്തിൽ ലേലം ചെയ്ത് വിപണനം ചെയ്യുന്നതിലൂടെ ന്യായമായ വില കർഷകർക്ക് ലഭിക്കുന്നു.

**(സി)** കാർഷികോല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

**(സി)** കാർഷികോല്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

i. നെൽകൃഷി വികസനം.
ii. പച്ചക്കറി കൃഷി വികസനം.
iii. നാളികേര വികസന പദ്ധതി.
iv. വിള ആരോഗ്യ പരിപാലനം.
v. സുഗന്ധവ്യഞ്ജന വിളകളുടെ വികസനം.
vi. ഹൈ-ടെക് അഗ്രിക്കൾച്ചർ.
vii. മണ്ണിന്റെയും സസ്യവേരുകളുടെയും ആരോഗ്യ പരിപാലനവും ഉത്പാദനക്ഷമത വർദ്ധിപ്പിക്കലും.
viii. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ്.

**സെക്ഷൻ ഓഫീസർ**